## രക്ഷിതാക്കളോട് :

ഗൈഡൻസ് പബ്ലിക് സ്കൂൾ നമ്മുടെ സ്ഥാപനമാണ്. സഹായങ്ങൾ ചൊരിഞ്ഞും പ്രാർത്ഥിച്ചും ആരോഗ്യകരമായ നിർദ്ദേശങ്ങൾ നൽകിയും ഈ സ്ഥാപനത്തെ വളർത്തേണ്ടവരാണ് നമ്മൾ.

താങ്കളുടെ നിർദ്ദേശങ്ങളും പരാതികളും അതിന്റെ സ്വകാര്യത നിലനിർത്തിക്കൊണ്ടുതന്നെ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി സ്വീകരിക്കുന്ന താണ്. നേരിട്ടോ ഫോൺ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

**ഏതാനും ചില നിർദ്ദേശങ്ങൾ താങ്കളുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ.**

- സ്കൂൾ സമയം 9.10 മുതൽ 3.50 വരെ
- നിർദ്ദിഷ്ട യൂണിഫോം പൂർണ്ണമായും ധരിച്ചുകൊണ്ടാവണം വിദ്യാർത്ഥികൾ സ്കൂളിലെത്തേണ്ടത്.
- സ്കൂൾ ഡയറിയും ടൈംടേബിൾ പ്രകാരമുള്ള പുസ്തകങ്ങളും വിദ്യാർത്ഥിയുടെ ബാഗിലുണ്ടെന്ന് നിത്യവും ഉറപ്പുവരുത്തുക.
- നിത്യവും വൈകിട്ട് ഡയറി പരിശോധിക്കുകയും നിർദ്ദേശങ്ങൾ വല്ലതുമുണ്ടെങ്കിൽ പാലിക്കുകയും ഒപ്പ് വെക്കുകയും ചെയ്യുക.
- I-V ക്ലാസിലെ വിദ്യാർത്ഥികൾക്ക് Rough Note Book നിർബന്ധമായും കൊടുത്തയക്കേണ്ടതാണ്.
- ക്ലാസ് ടീച്ചറും, രക്ഷിതാവും തമ്മിലുള്ള ആശയ വിനിമയത്തിനുള്ള മാർഗ്ഗമായാണ് ഡയറി ഉപയോഗിക്കേണ്ടത്. കുട്ടികളുടെ ലീവ്, അസുഖം, സ്ഥിരമായി മരുന്ന് കഴിക്കുന്നുണ്ടെങ്കിൽ ആ വിവരം, ബസ് ചെയ്ഞ്ച്, പഠന-പാഠ്യേതര കാര്യങ്ങൾ, ഫീസ് വിവരങ്ങൾ തുടങ്ങി പൊതുവായ കാര്യങ്ങൾ നിർദ്ദിഷ്ട സ്ഥലത്ത് രേഖപ്പെടുത്തുക.
- വിദ്യാർത്ഥിയുടെ സ്വഭാവപരമായ കാര്യങ്ങൾ, പഠന-പാഠ്യേതര വിഷയങ്ങൾ സംസാരിക്കേണ്ട രക്ഷിതാക്കൾ സ്കൂളിൽ നേരിട്ട് വന്ന് ക്ലാസ് ടീച്ചറുമായോ, പ്രിൻസിപ്പളുമായോ ബന്ധപ്പെടേണ്ടതാണ്.
- അടിയന്തിര വിഷയങ്ങൾക്ക് മാത്രമേ സ്കൂളിലേക്ക് ഫോൺ വിളിക്കാവൂ. ക്ലാസ് സമയം ടീച്ചേഴ്സിനേയോ വിദ്യാർത്ഥികളേയോ ഫോണിൽ ലഭിക്കുന്നതല്ല.

- പകരുന്ന രോഗങ്ങളുമായി വിദ്യാർത്ഥികളെ സ്കൂളിൽ അയക്കരുത്. പൂർണ്ണ സുഖപ്രാപ്തിക്ക് ശേഷം സ്കൂളിൽ അയക്കുക. കൂടുതൽ ലീവാകുന്ന പക്ഷം മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- മൊബൈൽഫോൺ, വാച്ച്, സ്വർണ്ണാഭരണങ്ങൾ, ഫാൻസി ആഭരണങ്ങൾ എന്നിവ സ്കൂളിൽ അനുവദനീയമല്ല.
- പെൻഡ്രൈവ്, സി.ഡി. മറ്റു ഇലക്ട്രോണിക് ഉപകരണങ്ങൾ വാഹനങ്ങൾ, സ്കൂളിൽ കൊണ്ടുവരാൻ പാടില്ല.
- തക്കതായ കാരണം കൂടാതെ സ്കൂൾ വിടുന്നതിനു മുമ്പായി വിദ്യാർത്ഥികളെ രക്ഷകർത്താക്കൾ കൊണ്ടുപോകുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു. സ്കൂളിന് അപരിചിതരായ ആളുകളുടെ കൂടെ വിദ്യാർത്ഥികളെ അയക്കുന്നതല്ല.
- പി.ടി.എ. യോഗങ്ങൾ, രക്ഷിതാക്കളുടെ ബോധവൽക്കരണ ക്യാമ്പുകൾ, സ്കൂളിലെ മറ്റു പൊതുപരിപാടികൾ എന്നിവയിൽ രക്ഷിതാക്കൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
- വിദ്യാർത്ഥിയുടെ പേരിൽ ഒരു ഫയൽ വീട്ടിൽ സൂക്ഷിക്കുകയും സ്കൂളിൽ നിന്ന് നൽകുന്ന നോട്ടീസ് (സർക്കുലർ), ഫീസ് റസീപ്റ്റുകൾ, മറ്റുനിർദ്ദേശങ്ങൾ എന്നിവ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.
- പാഠ്യവിഷയങ്ങളിൽ പ്രയാസം നേരിടുന്ന വിദ്യാർത്ഥിയുടെ കാര്യത്തിൽ അധ്യാപകരുമായി നേരിൽ ചർച്ച നടത്തി പരിഹാരം കാണാൻ രക്ഷിതാക്കൾ ശ്രമിക്കേണ്ടതാണ്.
- പഠനനിലവാര രേഖ, (Achievement Record) ഉത്തരക്കടലാസ് എന്നിവ ശരിക്കും പരിശോധിക്കുകയും ആയതിൽ ഒപ്പ് വെച്ച് 3 ദിവസത്തിനകം സ്കൂളിൽ തിരിച്ചേൽപ്പിക്കണം.
- സ്കൂൾ വാഹനസൗകര്യം ലഭ്യമാണ്. കുറഞ്ഞത് 1 വർഷത്തേക്കെങ്കിലും ഉപയോഗിക്കേണ്ടതാണ്. ഇടയ്ക്ക് വെച്ച് നിർത്തുകയോ മറ്റു വാഹനങ്ങൾ ഏൽപിക്കുവാനോ പാടില്ല.
- നിർദ്ദിഷ്ട ബസ് പോയിന്റിൽ നിശ്ചിത സമയത്തിന് മുമ്പ് തന്നെ വിദ്യാർത്ഥികൾ തയ്യാറായി നിൽക്കേണ്ടതാണ്.
- താൽക്കാലികമായ റൂട്ട്മാറ്റമോ ബസ്പോയിന്റ് മാറ്റമോ ഡയറിയിലൂടെ ക്ലാസ്ടീച്ചറെ അറിയിക്കേണ്ടതാണ്. മേൽ കാര്യത്തിന് ഡ്രൈവർമാരോട് നേരിൽ പറഞ്ഞോ സ്കൂളിലേക്ക് ഫോൺ ചെയ്തോ ഉള്ള അറിയിപ്പുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

- വാഹന സംബന്ധമായ അന്വേഷണങ്ങൾക്ക് : **9495026045** നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

- ഫീസ് ഓഫീസിൽ നേരിട്ടും വിദ്യാർത്ഥികൾ മുഖേനയും നൽകാവുന്നതാണ്. രസീപ്റ്റ് കിട്ടിയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

- ഫീസിനുപുറമെ നിശ്ചിത വാഹനചാർജ്ജ് ഓരോ ഇൻസ്റ്റാൾമെന്റിനൊപ്പം അടക്കേണ്ടതാണ്.

- ഫീസിനത്തിൽ അടക്കാനുദ്ദേശിക്കുന്ന കൃത്യമായ സംഖ്യ മാത്രം സ്കൂളിലേക്ക് കൊടുത്തയക്കുവാൻ ശ്രമിക്കുക.

- ഒരു വർഷത്തേക്കുള്ള ഫീസ് ഒറ്റത്തവണയായും അടക്കാവുന്നതാണ്.

- യൂണിഫോമിൽ ഒരു രീതിയിലുള്ള ആൾട്രേഷൻ വർക്കുകളും ചെയ്യുവാൻ പാടില്ല.

- നഖം വെട്ടി വൃത്തിയാക്കണം, നഖത്തിൽ ചായം പൂശുക / ക്യൂട്ടക്സ് എന്നിവ ഉപയോഗിക്കാൻ പാടില്ല.

- മുടി വൃത്തിയായി സൂക്ഷിക്കണം. ഫാഷനുകൾ അനുവദനീയമല്ല.

- ഫീസ് 4 ഗഡുക്കളായി താഴെ പറയുന്ന തിയ്യതിക്കകം അടക്കേണ്ടതാണ്. അല്ലാത്തപക്ഷം 50 രൂപ ഫൈൻ ഈടാക്കുന്നതായിരിക്കും.

## ASSESSMENT SCHEDULE

| | | |
|---|---|---|
| Periodic Assessment I | July | 4th onwards |
| Periodic Assessment II | September | 5nd onwards |
| Half Yearly Exam | October | 12th onwards |
| Periodic Assessment III | December | 6th onwards |
| Pre Modal Exam | February | 1rd onwards |
| Annual Exam | March | 13th onwards |